**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2607** **17-03-2022 - ൽ മറുപടിയ്ക്ക്**

**മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിലെ ഭേദഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | null<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | 12.6.2020 ന് 2015 ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിലെ ചട്ടം 104 ൽ ഭേദഗതി വരുത്തിയത് മൂലം പൊതുജനങ്ങൾ അനുഭവിക്കുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 12.06.2020 ലെ KMMC Rule 104 ലെ ഭേദഗതി പ്രകാരം സർക്കാരിൽ നിന്നും ലഭ്യമാകേണ്ട പ്രത്യേകാനുമതിക്ക് ആർ.ഡി.ഒ യുടെ നിരാക്ഷേപ പത്രം നിർബന്ധമാക്കിയിട്ടുണ്ട്. 1957-ലെ Mines and Minerals (Development & Regulation) ആക്ട് പ്രകാരം നിയമാനുസൃത ഖനനാനുമതിയില്ലാതെ ധാതു നീക്കം അനുവദിക്കുവാൻ സാധിക്കുകയില്ല. എന്നാൽ ഏതെങ്കിലും ഒരു ധാതു ഖനനം ചെയ്യുക എന്ന ഉദ്ദേശത്തോടെ അല്ലാതെ നീക്കം ചെയ്യേണ്ടതായി വരുമ്പോൾ ആർ.ഡി.ഒ യുടെ NOC അടക്കം മൈനിംഗ് & ജിയോളജി ഡയറക്ടറുടെ ശുപാർശയോടുകൂടി സർക്കാരിലേക്ക് സമർപ്പിക്കുകയും സർക്കാർ അർഹമായ അപേക്ഷകളിൽ പ്രത്യേകാനുമതി നൽകി വരികയും ചെയ്യുന്നു. ലാഭേച്ഛയോടെയല്ലാതെ ഏതെങ്കിലും നിയമാനുസൃത ഉദ്ദേശത്തിനായി ധാതു നീക്കം ചെയ്യേണ്ട ആവശ്യങ്ങൾക്ക് അനുമതി നല്കുന്നതിനായാണ് സർക്കാർ ചട്ടത്തിൽ ഇങ്ങനെ ഒരു ഇളവ് കൊണ്ട് വന്നത്. ടി ഉദ്ദേശലക്ഷ്യം ഉറപ്പാക്കുന്നതിനാണ് സർക്കാർ ആർ.ഡി.ഒ യുടെ നിരാക്ഷേപ പത്രം നിഷ്കർഷിച്ചിട്ടുള്ളത്. ചട്ടത്തിൽ ഇളവ് നൽകുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലില്ല. |
| (ബി) | പ്രസ്തുത ഭേദഗതി പ്രകാരം റവന്യൂ ഡിവിഷണൽ ഓഫീസർ നൽകുന്ന എൻ.ഒ.സി. ആദ്യം മൈനിങ് ആന്റ് ജിയോളജി ഡയറക്ടർക്കും തുടർന്ന് ഡയറക്ടർ ശിപാർശ സഹിതം സർക്കാരിനും സമർപ്പിക്കേണ്ടതിന് പകരം റവന്യൂ ഡിവിഷണൽ ഓഫീസർ നൽകുന്ന എൻ.ഒ.സി. ജില്ലാ ജിയോളജിസ്റ്റ് മുമ്പാകെ മാത്രം സമർപ്പിച്ച് പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ സർക്കാർ അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 12.06.2020 ലെ KMMC Rule 104 ലെ ഭേദഗതി പ്രകാരം സർക്കാരിൽ നിന്നും ലഭ്യമാകേണ്ട പ്രത്യേകാനുമതിക്ക് ആർ.ഡി.ഒ യുടെ നിരാക്ഷേപ പത്രം നിർബന്ധമാക്കിയിട്ടുണ്ട്. 1957-ലെ Mines and Minerals (Development & Regulation) ആക്ട് പ്രകാരം നിയമാനുസൃത ഖനനാനുമതിയില്ലാതെ ധാതു നീക്കം അനുവദിക്കുവാൻ സാധിക്കുകയില്ല. എന്നാൽ ഏതെങ്കിലും ഒരു ധാതു ഖനനം ചെയ്യുക എന്ന |

| | | | |
|---|---|---|---|
| | | | ഉദ്ദേശത്തോടെ അല്ലാതെ നീക്കം ചെയ്യേണ്ടതായി വരുമ്പോൾ ആർ.ഡി.ഒ യുടെ NOC അടക്കം മൈനിംഗ് & ജിയോളജി ഡയറക്ടറുടെ ശുപാർശയോടുകൂടി സർക്കാരിലേക്ക് സമർപ്പിക്കുകയും സർക്കാർ അർഹമായ അപേക്ഷകളിൽ പ്രത്യേകാനുമതി നൽകി വരികയും ചെയ്യുന്നു. ലാഭേച്ഛയോടെയല്ലാതെ ഏതെങ്കിലും നിയമാനുസൃത ഉദ്ദേശത്തിനായി ധാതു നീക്കം ചെയ്യേണ്ട ആവശ്യങ്ങൾക്ക് അനുമതി നല്കുന്നതിനായാണ് സർക്കാർ ചട്ടത്തിൽ ഇങ്ങനെ ഒരു ഇളവു കൊണ്ട് വന്നത്. ടി ഉദ്ദേശലക്ഷ്യം ഉറപ്പാക്കുന്നതിനാണ് സർക്കാർ ആർ.ഡി.ഒ യുടെ നിരാക്ഷേപ പത്രം നിഷ്കർഷിച്ചിട്ടുള്ളത്. ചട്ടത്തിൽ ഇളവ് നൽകുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ